**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1532** **28-07-2021 - ൽ മറുപടിയ്ക്ക്**

**പാലാ ജനറൽ ആശുപത്രിയിലെ സ്ഥലം കയ്യേറ്റം ഒഴിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | പാലാ ജനറൽ ആശുപത്രി നിലനിൽക്കുന്ന സ്ഥലത്ത് എത്ര ഏക്കർ സ്ഥലം ആധാരത്തിൽ നിലവിലുണ്ടെന്നറിയിക്കുമോ; | (എ) | പാലാ ജനറൽ ആശുപത്രിയിൽ ലഭ്യമായ രേഖകൾ പ്രകാരം സർവേ നം. 682/8 - 3.81 ഏക്കർ, 692/14 - 0.41 ഏക്കർ, 692/15 - 1.14 ഏക്കർ ഉൾപ്പെടെ ആകെ 5.36 ഏക്കർ സ്ഥലം കൈവശം ഉണ്ടായിരുന്ന വസ്തുവിൽ നിലവിൽ 4.1 ഏക്കർ സ്ഥലം കൈവശം ഉണ്ട്. |
| (ബി) | നിലവിൽ അളവിൽ എത്രയുണ്ടെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോയെന്നറിയിക്കുമോ; | (ബി) | 31.05.2013 ലെ കോട്ടയം ജില്ലാ ലാൻഡ് സർവേ റെക്കോർഡ്സ് സൂപ്രണ്ടിൻെറ റിപ്പോർട്ട് പ്രകാരവും 13.03.2017 ലെ താലൂക്ക് സർവേയറിൻെറ റിപ്പോർട്ട് പ്രകാരവും 1.6235 ഹെക്ടർ (4 ഏക്കർ 1 സെൻറ്) സ്ഥലം ജനറൽ ആശുപത്രിയുടെ കൈവശം നിലവിലുണ്ട്. |
| (സി) | സ്ഥലം കയ്യേറ്റക്കാർ കയ്യേറിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഇക്കാര്യത്തിൽ പാലാ ജനറൽ ആശുപത്രി സൂപ്രണ്ട് തുടർ നടപടി സ്വീകരിച്ചുവരുന്നുണ്ട്. |
| (ഡി) | സ്ഥലം അളന്ന് തിട്ടപ്പെടുത്തുമ്പോൾ സ്ഥലം കുറവാണെങ്കിൽ കയ്യേറ്റക്കാരെ കണ്ടെത്തി ഒഴിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ഡി) | ഇക്കാര്യത്തിൽ പാലാ ജനറൽ ആശുപത്രി സൂപ്രണ്ട് തുടർ നടപടി സ്വീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ